# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 15.03.2026** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. കേരളം ഉൾപ്പെടെയുള്ള നാല് സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശമായ പുതിച്ചേരിയിലേക്കുമുള്ള നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **ECI announces poll schedule for Assam, Keralam, Puducherry, Tamil Nadu and West Bengal.**

2. കേരളവും അസവും , പുതുച്ചേരിയും ഏപ്രിൽ ഒൻപതിന് പോളിംഗ് ബൂത്തിലേക്ക്. തമിഴ്നാട്ടിൽ ഏപ്രിൽ 23നും പശ്ചിമബംഗാളിൽ രണ്ട് ഘട്ടങ്ങളിലുമാണ് വോട്ടെടുപ്പ്. അഞ്ചിടത്തും വോട്ടെണ്ണൽ മേയ് നാലിന്.

   **Kerala, Assam and Puducherry will go to the polls on April 9. Tamil Nadu will go to the polls on April 23 and West Bengal in two phases. The counting of votes in all five places will be on May 4.**

3. തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയതായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷ്ണർ; 25 ലക്ഷത്തോളം ഉദ്യോഗസ്ഥരെ വിന്യസിക്കും; പോളിംഗ് സ്റ്റേഷനിലും വിപുലമായ ക്രമീകരണങ്ങൾ.

   **The Chief Election Commissioner instructs to take necessary steps to smoothen the election process; About 25 lakh officials will be deployed; Extensive arrangements will be made at polling stations.**

4. കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിന് ഇനി 25 നാൾ; സ്ഥാനാർഥികളെ പ്രഖ്യാപിച്ച് സിപിഐ എമ്മും സിപിഐയും; കോൺഗ്രസിന്റെയും-ബിജെപിയുടെയും സ്ഥാനാർഥി പ്രഖ്യാപനം വരും

ദിവസങ്ങളിൽ.

**25 days left for the assembly elections in Kerala; CPI(M) and CPI declare candidates; Congress and BJP will announce candidates in upcoming days.**

5. പശ്ചിമേഷ്യൻ മേഖലയിൽ നാളെ മുതൽ നടക്കാനിരുന്ന 12-ാം ക്ലാസ് പരീക്ഷകൾ റദ്ദാക്കി സിബിഎസ്ഇ.

**CBSE cancels the Class 12 exams scheduled to be held in the West Asian region from tomorrow.**

6. രാജ്യത്ത് എൽ പി ജി, പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള ഇന്ധന വിതരണത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് കേന്ദ്ര സർക്കാർ.

**No reports of dry-outs of LPG, Petrol and Diesel among distributors across the country: Government.**

**&&&&&&&&&&&&&&&&&&&&**

## ELECTION SCHEDULE (INTRO)

കേരളം, തമിഴ്നാട്, പുതുച്ചേരി, പശ്ചിമബംഗാൾ, അസം എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. പശ്ചിമബംഗാൾ ഒഴികെയുള്ള നാലിടങ്ങളിലും ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ്. ന്യൂ ഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറാണ് പ്രഖ്യാപനം നടത്തിയത്.

വിശദാംശങ്ങളിലേക്ക്..

*(ഹോൾഡ് വോയിസ്)*

*140 നിയമസഭാ മണ്ഡലങ്ങളുള്ള കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പ്രസിദ്ധീകരിക്കും. മാർച്ച് ഇരുപത്തി മൂന്ന് വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. ഇരുപത്തി നാലിന് പത്രികകളുടെ സൂക്ഷ്മ*

*പരിശോധന നടക്കും. ഈ മാസം ഇരുപത്തിയാറ് വരെയാണ് പത്രിക പിൻവലിക്കാൻ അവസരമുള്ളത്. ഏപ്രിൽ ഒൻപതിന് വോട്ടെടുപ്പ് നടക്കും. അസം, പുതുച്ചേരി എന്നിവിടങ്ങളിലും ഏപ്രിൽ ഒൻപതിനാണ് വോട്ടെടുപ്പ്. അസമിൽ 126 ഉം, കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിൽ മുപ്പതും മണ്ഡലങ്ങൾ ആണുള്ളത്. 234 നിയമസഭാ മണ്ഡലങ്ങൾ ഉള്ള തമിഴ്നാട്ടിൽ ഏപ്രിൽ ഇരുപത്തി മൂന്നിന് വോട്ടെടുപ്പ് നടക്കും. പശ്ചിമബംഗാളിൽ രണ്ട് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ്. ഏപ്രിൽ ഇരുപത്തി മൂന്ന്, ഇരുപത്തി ഒൻപത് എന്നീ തീയതികളിലാണ് ഇവിടെ പോളിംഗ്. ആദ്യ ഘട്ടത്തിൽ 152 ഉം, രണ്ടാം ഘട്ടത്തിൽ 142 ഉം മണ്ഡലങ്ങൾ ജനവിധിയെഴുതും. എല്ലായിടങ്ങളിലും മെയ് നാലിനാണ് വോട്ടെണ്ണൽ.*

*ന്യൂസ് ഡെസ്ക്, ആകാശവാണി...*

**************************

## BYELECTION SCHEDULE

ഗോവ, ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, ത്രിപുര, നാഗാലാൻഡ് സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് തീയതികളും കമ്മീഷൻ പ്രഖ്യാപിച്ചു. ഏപ്രിൽ ഒൻപത്, 23 തീയതികളിലാണ് ഇവിടങ്ങളിൽ വോട്ടെടുപ്പ്.

**************************

## VOTERS DEMOGRAPHY

കേരളത്തിൽ 2.7 കോടിയോളം സമ്മതിദായകരാണ് ഉള്ളത്. 1.31 കോടി പുരുഷ വോട്ടർമാരും, 1.35 കോടി വനിതാ വോട്ടർമാരും ട്രാൻസ്ജെന്റർ വിഭാഗത്തിൽ പെട്ട 277 പേരും ഉൾപ്പെടെയാണ് ഇത്. നൂറ് വയസ്സിലേറെ പ്രായമുള്ള 1,571 വോട്ടർമാർ സംസ്ഥാനത്തുണ്ട്. 4.24 ലക്ഷം

കന്നിവോട്ടർമാരും, 54,000 ൽ അധികം സർവീസ് വോട്ടർമാരും സംസ്ഥാനത്തുണ്ട്.

************************

## ELECTION- VOTER FACILITATION (INTRO)

തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കുന്നതിനും, വോട്ടർമാർക്ക് വിവിധ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. 25 ലക്ഷത്തോളം ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കായി വിന്യസിക്കും.

**ഒരു റിപ്പോർട്ട്..........**

*(വോയിസ്)*

*5 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ആകെ 17.4 കോടി സമ്മതിദായകരും, 2.19 ലക്ഷം പോളിംഗ് സ്റ്റേഷനുകളും ഉണ്ടാകും. 824 നിയമസഭാ മണ്ഡലങ്ങളാണ് ജനവിധി എഴുതുന്നത്. മൊത്തം 25 ലക്ഷം ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കായി വിന്യസിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.*

(ഹോൾഡ് വോയിസ്- ഗ്യാനേഷ് കുമാർ)

*കുടിവെള്ളം, ശൗചാലയം, സമ്മതിദായക സഹായ കേന്ദ്രം എന്നിവ ഉൾപ്പെടെ ഓരോ പോളിംഗ് സ്റ്റേഷനിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കും. തിരഞ്ഞെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിന് കമ്മീഷൻ മുപ്പത് പുതിയ സംരംഭങ്ങൾ സമീപകാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ വ്യക്തമാക്കി. ഒരു പോളിംഗ് സ്റ്റേഷനിൽ പരമാവധി 1,200 വോട്ടർമാർ മാത്രമേ ഉണ്ടാകൂ. എല്ലാ വോട്ടിങ് കേന്ദ്രത്തിലും നിരീക്ഷണം ഉറപ്പാക്കാൻ*

*സമ്പൂർണ വെബ്കാസ്റ്റിംഗ് ഉണ്ടായിരിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ വ്യക്തമാക്കി.*

***ന്യൂസ്ഡെസ്ക് ആകാശവാണി....***

*************************

## IDUKKI- ECI

വിവിധ സംസ്ഥാനങ്ങളിലെ സവിശേഷമായ പോളിംഗ് സ്റ്റേഷനുകളെക്കുറിച്ച് സംസാരിക്കവെ കേരളത്തിൽ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിലെ മുപ്പത്തി നാലാം നമ്പർ പോളിംഗ് സ്റ്റേഷനെ പറ്റി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശിച്ചു. 693 സമ്മതിദായകരുള്ള ഇവിടെ, പോളിംഗ് ഉദ്യോഗസ്ഥർ, എട്ട് കിലോമീറ്റർ കാൽനട യാത്ര ഉൾപ്പെടെ മുപ്പത് കിലോമീറ്റർ ദുർഘട പാതയിലൂടെ എത്തിയാണ്, തിരഞ്ഞെടുപ്പ് നടത്തുന്നതെന്ന് കമ്മീഷണർ ചൂണ്ടിക്കാട്ടി.

*************************

## CANDIDATE LIST-CPI-CPI(M)

കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപനത്തിന് പിന്നാലെ 81 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർത്ഥികളെ സിപിഐഎം പ്രഖ്യാപിച്ചു. 6 പേർ സ്വതന്ത്ര സ്ഥാനാർത്ഥികളാണ്. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ 11 മന്ത്രിമാരും 54 സിറ്റിംഗ് എം എൽ എ മാരും പട്ടികയിലുണ്ട്. 5 മണ്ഡലങ്ങളിലെ സ്വതന്ത്ര സ്ഥാനാർത്ഥികളെ ഉടൻ പ്രഖ്യാപിക്കുമെന്ന് സിപിഐ–എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സിപിഐ 25 സീറ്റുകളിലേക്കുള്ള സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വമാണ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചത്. നിലവിലെ മന്ത്രിസഭയിലെ നാലു മന്ത്രിമാർ വീണ്ടും ജനവിധി തേടും. ജി ആർ അനിൽ

നെടുമങ്ങാട്ടും, കെ രാജൻ ഒല്ലൂരിലും, പി പ്രസാദ് ചേർത്തലയിലും, ജെ ചിഞ്ചുറാണി ചടയമംഗലത്തും മത്സരിക്കും. യു ഡി എഫ് സ്ഥാനാർഥി പട്ടിക ഉടൻ പ്രഖ്യാപിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറവൂരിൽ മാധ്യമപ്രവർത്തകരോടു പറഞ്ഞു. രണ്ട് ദിവസത്തിനുള്ളിൽ എൻ ഡി എ സ്ഥാനാർത്ഥിപ്പട്ടിക പുറത്തിറക്കുമെന്ന് ബിജെപി നേതാവ് പി കെ കൃഷ്ണ ദാസ് പറഞ്ഞു.

*************************

## PETROLEUM MINISTRY-STATEMENT

രാജ്യത്തുടനീളമുള്ള എൽപിജി വിതരണക്കാർക്കിടയിൽ വിതരണം നിലച്ചതായി റിപ്പോർട്ടുകളില്ലെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം. ഇന്നലെ ഏകദേശം 77 ലക്ഷം എൽപിജി ബുക്കിംഗുകൾ രേഖപ്പെടുത്തിയതായും മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ബിഹാർ, ഡൽഹി, ഹരിയാന, രാജസ്ഥാൻ എന്നിവയുൾപ്പെടെ നിരവധി സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗാർഹികേതര എൽപിജി അനുവദിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാണിജ്യ എൽപിജി സിലിണ്ടറുകൾ എല്ലാ സംസ്ഥാനങ്ങളിലെയും ഉപഭോക്താക്കൾക്ക് ലഭ്യമാണ്. രാജ്യത്തുടനീളം ആവശ്യത്തിന് പെട്രോളും ഡീസലും ലഭ്യമായതിനാൽ പരിഭ്രമിക്കേണ്ട സാഹചര്യമില്ലെന്നും മന്ത്രാലയം അറിയിച്ചു.

*************************

## JAISWAL - BRICS

പശ്ചിമേഷ്യയിലെ സംഘർഷാവസ്ഥ സംബന്ധിച്ച് പൊതുവായ വീക്ഷണത്തിൽ എത്താൻ ബ്രിക്സ്

അംഗരാജ്യങ്ങളുമായി ഇന്ത്യ ചർച്ചകൾ നടത്തി വരികയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. അംഗരാജ്യങ്ങൾക്കിടയിലെ ഭിന്നതകൾ, സമവായത്തിലെത്തുന്നത് ബുദ്ധിമുട്ട് ആക്കിയിട്ടുണ്ട്. ബ്രിക്സ് അധ്യക്ഷ രാജ്യം എന്ന നിലയിൽ ഇന്ത്യ ചർച്ചകൾക്ക് അവസരം ഒരുക്കുന്നുണ്ട്. ബ്രിക്സ് രാജ്യങ്ങളിലെ ഷെർപ്പകളുടെ യോഗം ഈ മാസം പന്ത്രണ്ടിന് നടന്നുവെന്നും ശ്രീ. ജയ്സ്വാൾ വ്യക്തമാക്കി.

*************************

## REV. CBSE- EXAM CANCEL

പശ്ചിമേഷ്യൻ മേഖലയിൽ നാളെ മുതൽ അടുത്ത മാസം 10 വരെ നടക്കാനിരുന്ന 12-ാം ക്ലാസ് പരീക്ഷകൾ സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷൻ റദ്ദാക്കി. നേരത്തെ മാറ്റിവച്ച പരീക്ഷകളും റദ്ദാക്കുമെന്ന് സി.ബി.എസ്.ഇ അറിയിച്ചു. മേഖലയിലെ 12-ാം ക്ലാസ് വിദ്യാർത്ഥികളുടെ ഫലപ്രഖ്യാപന രീതി പിന്നീട് അറിയിക്കുമെന്നും ബോർഡ് വ്യക്തമാക്കി.

*************************

## SC-GANGA

ഗംഗാ നദിയുടെ തീരങ്ങളിലും വെള്ളപ്പൊക്ക സമതലങ്ങളിലുമുള്ള അനധികൃത നിർമ്മാണങ്ങളെക്കുറിച്ചും റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് സുപ്രീം കോടതി. കയ്യേറ്റങ്ങൾ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികളെക്കുറിച്ചും വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചു. ഗംഗാ നദീ കടന്നു പോകുന്ന നിരവധി സംസ്ഥാനങ്ങൾക്കും കോടതി നോട്ടീസ് അയച്ചു.

*************************

## LADAKH - SNOWFALL

ലഡാക്കിൽ കനത്ത മഞ്ഞുവീഴ്ചയെത്തുടർന്ന് ആറ് ദിവസമായി അടച്ചിട്ടിരുന്ന സോജി ലാ ചുരത്തിലൂടെയുള്ള ഗതാഗതം പുനരാരംഭിച്ചു. റോഡ് പുനഃസ്ഥാപിക്കുന്നതിനായി മഞ്ഞുനീക്കൽ സംഘങ്ങൾ തുടർച്ചയായി പ്രവർത്തിച്ചിരുന്നു. ചുരത്തിലൂടെ യാത്ര ചെയ്യുന്നവർ ഗതാഗത നിയന്ത്രണങ്ങൾ പാലിക്കാനും, കാലാവസ്ഥ മുന്നറിയിപ്പ് പരിശോധിക്കാനും അധികൃതർ നിർദ്ദേശിച്ചിട്ടുണ്ട്.

*************************

## NHAI - FASTAG FEE REVISION

വരുന്ന സാമ്പത്തിക വർഷം മുതൽ ഫാസ്ടാഗ് വാർഷിക പാസിനുള്ള ഫീസ് പരിഷ്കരിച്ച് ദേശീയ പാത അതോറിറ്റി. നിലവിലെ 3,000 രൂപയിൽ നിന്ന് 3,075 രൂപയായി വർദ്ധിപ്പിച്ച ഫീസ്, അടുത്ത മാസം ഒന്നാം തീയതി മുതൽ ബാധകമാകും. ഇടയ്ക്കിടെ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത ഒഴിവാക്കുന്നതാണ് ഫാസ്ടാഗ് വാർഷിക പാസ്.

*************************

## DRI- OPERATION

സംഘടിത സ്വർണക്കടത്ത് സംഘങ്ങളിൽ പെടുന്ന ആറ് പേർ റവന്യൂ ഇന്റലിജൻസിന്റെ പിടിയിൽ. ഡൽഹി, കൊൽക്കത്ത എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന സംഘങ്ങളിലെ അംഗങ്ങളാണ് പിടിയിലായത്. ഇവരിൽ നിന്ന് 14 കോടിയിലധികം വിലമതിക്കുന്ന സ്വർണ്ണം, വെള്ളി, പണം എന്നിവ പിടിച്ചെടുത്തു. കൊൽക്കത്തയിൽ നിന്ന് ഡൽഹിയിലേക്ക് സ്വർണവുമായി ട്രെയിനിൽ എത്തിയ

ഒരാളെ നേരത്തെ പിടികൂടിയിരുന്നു. പിന്നാലെ നടത്തിയ അന്വേഷണത്തിലാണ് കള്ളക്കടത്ത് സംഘം പിടിയിലായത്.

*************************

## JK TERRORIST KILLED

കരസേനയും ജമ്മു കശ്മീർ പോലീസും നടത്തിയ സംയുക്ത ഓപ്പറേഷനിൽ ഒരു പാകിസ്ഥാൻ ഭീകരൻ കൊല്ലപ്പെട്ടു. ബാരാമുള്ള ജില്ലയിലെ ഉറി സെക്ടറിലായിരുന്നു സംഭവം. ബുച്ചാറിൽ നിയന്ത്രണ രേഖയിലൂടെയുള്ള നുഴഞ്ഞുകയറ്റ ശ്രമം പരാജയപ്പെടുത്തിയതായി സൈന്യം അറിയിച്ചു.

*************************

## PADMA AWARDS

2027-ലെ പദ്മ പുരസ്ക്കാരങ്ങൾക്കുള്ള നാമനിർദേശം ഇന്ന് മുതൽ സമർപ്പിക്കാം. ജൂലൈ-31 ആണ് അവസാന തീയതി. Rashtriya Puraskar Portal വഴി ഓൺലൈനായി മാത്രമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

*

*************

************************************